**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2662** **17-03-2022 - ൽ മറുപടിയ്ക്ക്**

**പുരപ്പുറ സൗരോർജ്ജ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | ശ്രീ. കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | പുരപ്പുറ സൗരോർജ്ജ പദ്ധതിയിലൂടെ വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലളിതമാക്കാൻ കേന്ദ്രസർക്കാരിന്റെ നിർദ്ദേശമുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ വിശദാംശം നൽകാമോ; | (എ) | കേന്ദ്ര നവ പുനരുപയോഗ ഊർജ്ജ മന്ത്രാലയം നടപ്പിലാക്കുന്ന പുരപ്പുറ സൗര പദ്ധതിയിൽ ഗാർഹിക ഉപഭോക്താക്കൾക്ക് സബ്സിഡിയോടുകൂടി പുരപ്പുറ സൗര നിലയങ്ങൾ സ്ഥാപിക്കുന്നതിന് ഇഷ്ടമുള്ള കമ്പനികളെ തെരഞ്ഞെടുക്കത്തക്ക വിധം നടപടിക്രമങ്ങൾ ലളിതമാക്കിക്കൊണ്ട് കേന്ദ്ര സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനായി പ്രധാനമായും താഴെ പറയുന്ന നിർദ്ദേശങ്ങളാണ് കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയം നല്കിയിരിക്കുന്നത്. പ്ലാൻറ് സ്ഥാപിക്കുന്നതിനുള്ള ഡെവലപ്പർമാരുടെ ലിസ്റ്റ് ജില്ലാ/ഡിവിഷൻ അടിസ്ഥാനത്തിൽ തയ്യാറാക്കുക. പദ്ധതി സംബന്ധിച്ച വിവരങ്ങൾ നൽകുന്നതിനായി പ്രത്യേക ഹെൽപ്പ് ലൈൻ നമ്പർ ഏർപ്പെടുത്തുക. എം.എൻ.ആർ.ഇ. അനുവദിക്കുന്ന സബ്സിഡി 15 ദിവസത്തിനുള്ളിൽ ഡെവലപ്പർമാർക്ക് ഡിസ്കോം (വൈദ്യുതി വിതരണ കമ്പനി) മുഖേന വിതരണം ചെയ്യുക. പദ്ധതി സംബന്ധിച്ച് വ്യാപകമായ പ്രചരണ പരിപാടികൾ സംഘടിപ്പിക്കുക. |
| (ബി) | വൈദ്യുതി ബോർഡോ സംസ്ഥാന ഏജൻസികളോ തെരഞ്ഞെടുത്ത് പട്ടികയിൽ ഉൾപ്പെടുത്തിയ കമ്പനികളിൽ നിന്നും സോളാർ പാനൽ വാങ്ങണമെന്ന് നിബന്ധനയുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ അത്തരം കമ്പനികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ബി) | ഗാർഹിക ഉപഭോക്താക്കൾക്ക് സബ്സിഡി പദ്ധതിയിൽ ഗ്രിഡ് ബന്ധിത സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിന് കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയം ലിസ്റ്റ് ചെയ്തിട്ടുള്ള സോളാർ പാനലുകൾ നിർബന്ധമായും ഉപയോഗിക്കണം എന്ന നിബന്ധന ഉണ്ട്. ഡി.സി.ആർ. (Domestic Content Requirement) സോളാർ പാനലുകൾ ആയിരിക്കണം ഉപയോഗിക്കേണ്ടത്. 04.03.2022 ന് കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയം പുറത്തിറക്കിയിട്ടുള്ള ലിസ്റ്റിൽ വിവിധ ശേഷികളിലുള്ള സോളാർ പാനലുകളുടെ മോഡലും, അവ നിർമ്മിക്കുന്ന കമ്പനികളുടെ വിവരവും ഉൾപ്പെടുത്തിയിട്ടുണ്ട്. കെ.എസ്.ഇ.ബി.എൽ. |

| | | | |
|---|---|---|---|
| | | | കേന്ദ്രമാനദണ്ഡ പ്രകാരം എംപാനൽ ചെയ്തിട്ടുള്ള കമ്പനികൾ മുഖേനയാണ് നിലവിൽ പ്ലാന്റുകൾ സ്ഥാപിക്കുന്നത്. അവയുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു. |
| (സി) | പുരപ്പുറത്ത് സോളാർ പാനൽ സ്ഥാപിക്കാനുള്ള അപേക്ഷ സമർപ്പിക്കേണ്ടത് ആർക്കാണെന്നും അതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ? | (സി) | കെ.എസ്.ഇ.ബി.എൽ. മുഖാന്തിരം പുരപ്പുറ സോളാർ പാനൽ സ്ഥാപിക്കുന്നതിനുള്ള അപേക്ഷ സെക്ഷൻ ഓഫീസ് വഴിയോ/ ഇ-കിരൺ പോർട്ടൽ വഴിയോ സമർപ്പിക്കാവുന്നതാണ്. അപേക്ഷ സമർപ്പിക്കാൻ ഉപഭോക്താവിന്റെ ടെലിഫോൺ നമ്പറും ഇലക്ട്രിസിറ്റി കൺസ്യൂമർ നമ്പറും ആവശ്യമാണ്. പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതി പ്രകാരം നിലവിൽ കെ.എസ്.ഇ.ബി.എൽ. ഗാർഹിക വൈദ്യുതി കണക്ഷൻ ഉള്ളവരാണ് അപേക്ഷ നൽകേണ്ടത്. സോളാർ പാനൽ സ്ഥാപിക്കുന്നതിന് നിഴൽ പതിക്കാത്ത സൂര്യ പ്രകാശം ലഭിക്കുന്ന ഉറപ്പായ സ്ഥലം ആവശ്യമാണ്. അപേക്ഷകൾ മുൻഗണനാ ക്രമത്തിലാണ് പരിഗണിക്കുന്നത്. അനെർട്ട് മുഖേന സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിന് ഓൺലൈൻ വഴിയാണ് അപേക്ഷ നൽകേണ്ടത്. കാലതാമസം ഒഴിവാക്കുന്നതിനും, സുതാര്യത ഉറപ്പിക്കുന്നതിനും വേണ്ടി ഉപഭോക്താക്കൾ ഈ പദ്ധതിയ്ക്കുള്ള അപേക്ഷ സമർപ്പിക്കുന്നത് മുതൽ പ്ലാന്റ് സ്ഥാപിക്കുന്നതു വരെയുള്ള എല്ലാ നടപടിക്രമങ്ങളും നിർവ്വഹിക്കുന്നതിന് 'ബൈമൈസൺ' എന്ന ഓൺലൈൻ പോർട്ടൽ അനെർട്ട് സജ്ജമാക്കിയിട്ടുണ്ട്. അപേക്ഷ സമർപ്പിച്ച ശേഷം അപേക്ഷകർക്ക് എംപാനൽ ലിസ്റ്റിൽ നിന്ന് അവർക്ക് ഇഷ്ടമുള്ള കമ്പനിയെ തെരഞ്ഞെടുക്കാവുന്നതാണ്. പ്രസ്തുത കമ്പനി സ്ഥലം സന്ദർശിച്ച് സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള സാധ്യതാ പഠനം നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ സബ്സിഡി കഴിഞ്ഞ് നിശ്ചയിച്ചിരിക്കുന്ന തുക കമ്പനിക്ക് നൽകി പ്ലാന്റ് സ്ഥാപിക്കാവുന്നതുമാണ്. |

സെക്ഷൻ ഓഫീസർ